സബ്സിസ്റ്റൻസ് അലവൻസ് ആക്റ്റിലെ വ്യവസ്ഥ

138 (2050) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സബ്സിസ്റ്റൻസ് അലവൻസ് ആക്റ്റിലെ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിനെതിരെ 1998, 1999 എന്നീ വർഷങ്ങളിൽ തിരുവനന്തപുരം ഡെപ്യൂട്ടി ലേബർ കമ്മീഷണർ എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചു ;

(ബി) ഇവയിൽ എത്ര ഉത്തരവുകൾ നടപ്പാക്കിയിട്ടുണ്ട് ;

(സി) കോടതിയുടെ ഇടപെടൽമൂലം നടപ്പാക്കാൻ കഴിയാതെ വന്നവ ഏതെങ്കിലുമുണ്ടോ ;

(ഡി) എങ്കിൽ അത്തരം കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ ;

(ഇ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ കാര്യത്തിൽ കേരള ഹൈക്കോടതി സബ്സിസ്റ്റൻസ് അലവൻസ് ആക്റ്റിലെ വ്യവസ്ഥയ്ക്ക് അനുകൂലമായി വിധി പ്രസ്താവിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇപ്പോൾ നിലവിലുള്ള കേസുകളിൽ ആ വിധി ചൂണ്ടിക്കാട്ടി കൗണ്ടർ പെറ്റീഷൻ നൽകിയിട്ടുണ്ടോ ; കൗണ്ടർ നൽകാത്ത കേസ് ഏതെങ്കിലും നിലവിലുണ്ടോ ;

(ജി) ഗവൺമെന്റ് നയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) 7 കേസുകളിൻമേൽ ഉത്തരവ് പുറപ്പെടുവിച്ചു.

(ബി) 4 ഉത്തരവുകൾ നടപ്പാക്കിയിട്ടുണ്ട്.

(സി) 3 എണ്ണത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ കേസുകൾ നിലവിലുള്ളതിനാൽ അനന്തര നടപടികൾ കൈക്കൊള്ളാൻ കഴിഞ്ഞിട്ടില്ല.

(ഡി) കേരള ഹൈക്കോടതിയിൽ വിചാരണ നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ഇക്കാര്യത്തെക്കുറിച്ചുള്ള വിവരങ്ങൾ തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഗവൺമെന്റ് നയത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly